## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **07-10-2024 - ൽ മറുപടിയ്ക്ക്**

### പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നും അവർക്ക് ധനസഹായം നൽകുന്നതിനായി എസ്.ഡി.ആർ.എഫ്, സി.എം.ഡി.ആർ.എഫ്. എന്നിവയിൽ നിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ 423 വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുള്ളതും, മേൽ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ൽ നിന്നും 2,10,53,700/- രൂപയും (രണ്ട് കോടി പത്ത് ലക്ഷത്തി അമ്പത്തിമൂന്നായിരത്തി എഴുനൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) ൽ നിന്നും 1,09,58,700/- (ഒരു കോടി ഒൻപത് ലക്ഷത്തി അമ്പത്തി എട്ടായിരത്തി എഴുനൂറ് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ഇനിയും ധനസഹായം ലഭ്യമാക്കാൻ ബാക്കിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായമായി 1,96,28,600/- (ഒരു കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അറുനൂറ് രൂപ മാത്രം) രൂപ വിതരണം ചെയ്യാൻ ബാക്കിയായിട്ടുണ്ട്. ഈ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടർക്കു നിർദേശം നൽകുന്നതാണ്. |
| (സി) | എസ്.ഡി.ആർ.എഫ്.ൽ നിന്നോ സി.എം.ഡി.ആർ.എഫ്.ൽ നിന്നോ പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ